നമ്പർ: സി.ബി. (1) 293/2010

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 23.02.2011.

**Email : keralarcs@coop.kerala.gov.in**
**Website: www.cooperation.kerala.gov.in**
**Tel.No. 0471-2330726**

## സർക്കുലർ നമ്പർ - 18 /2011

വിഷയം : സഹകരണ വകുപ്പ്- സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2011 ക്യാമ്പയിൻ-സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിയ്ക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന : ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.01.2011 ൽ കൂടിയ ഉന്നതതലയോഗ തീരുമാനം.

........................

32-ാം മത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2011 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ശക്തമായ സാമ്പത്തിക അടിത്തറപാകുന്നതിൽ കഴിഞ്ഞ കാല നിക്ഷേപ സമാഹരണ യജ്ഞ ങ്ങൾ വഹിച്ചിട്ടുള്ള പങ്ക് കണക്കിലെടുത്തും നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലഘട്ടത്തിൽ പൊതുവെ ആകർഷകമായ പലിശ നിരക്ക് നിശ്ചയിച്ചു നൽകാറുള്ള സാഹചര്യം കണക്കിലെ ടുത്തും സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പരിഷ്കരിക്കുന്നതിനും സഹകരണ മേഖലയിലും നിക്ഷേപങ്ങൾക്ക് റീ-ഇൻവെസ്റ്റ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനും സൂചന പ്രകാരം കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ടും സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിലും/ ബാങ്കു കളിലും നിക്ഷേപങ്ങൾക്ക് റീ-ഇൻവെസ്റ്റ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിന് അനുവാദം നൽകി കൊണ്ടും നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹ കരണ സംഘ ങ്ങൾ/ബാങ്കുകൾ, സർവ്വീസ് സഹക രണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 4.50 | 5.00 | 4.75 | 5.25 | 5.00 | 5.50 |
| 2 | 46 ദിവസം മുതൽ90 ദിവസം വരെ | 5.00 | 5.50 | 5.25 | 5.75 | 5.50 | 6.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.75 | 7.25 | 7.00 | 7.50 | 7.25 | 7.75 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.00 | 8.50 | 8.25 | 8.75 | 8.50 | 9.00 |
| 5 | 1 വർഷവും അതിനുമേലും | 9.00 | 9.50 | 9.25 | 9.75 | 9.50 | 10.00 |
| 6 | 3 വർഷവും അതിനുമുകളിലും കാലാവധിയുള്ള 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള നിക്ഷേപം | - | 9.75 | - | 10.00 | - | 10.25 |
| 7 | 3 വർഷവും അതിനുമുകളിലും കാലാവധിയുള്ള 10 ലക്ഷം രൂപ യ്ക്കുമേലുള്ള നിക്ഷേപം. | - | 10.00 | - | 10.25 | - | 10.50 |

## റീ-ഇൻവെസ്റ്റ്മെന്റ് നിക്ഷേപ പദ്ധതി

ഒരു വായ്പാ സഹകരണ സംഘത്തിൽ/ബാങ്കിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപങ്ങൾ അതേ സഹകരണ സംഘത്തിൽ/ബാങ്കിൽ റീ-ഇൻവെസ്റ്റ് ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ്. അപ്രകാരം റീ-ഇൻവെസ്റ്റ് ചെയ്യുന്ന നിക്ഷേപം യഥാർത്ഥ നിക്ഷേപത്തിന്റെ ശേഷിക്കുന്ന കാലാവധിയിൽ അധീകരിച്ച കാലാവധിയിലായിരിക്കേണ്ടതാണ്. അപ്രകാരം റീ-ഇൻവെസ്റ്റ് ചെയ്യുന്ന യഥാർത്ഥ നിക്ഷേപത്തിന് ടി നിക്ഷേപം റീ-ഇൻവെസ്റ്റ് ചെയ്യുന്ന കാലാവധി വരെയുള്ള കാലയളവിൽ ടി നിക്ഷേപത്തിന്റെ ഉടമ്പടി പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുണ്ടായിരുന്ന പലിശ നിരക്കിൽ കുറവ് വരുത്തുവാൻ പാടുള്ളതല്ല.

- മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2% നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്.
- പ്രാഥമിക വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ നൽകേണ്ടതാണ്.
- സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല. സ്ഥിരനിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന നിരക്കുകളിൽ അധീകരിച്ച നിരക്കിൽ പലിശ നൽകുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- ടി സർക്കുലർ നിർദ്ദേശങ്ങൾക്ക് 01.03.2011 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്,
സഹകണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്).

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും,
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ )മാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. ജോയിന്റ് ഡയറക്ടർ /സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും, (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും, (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിയണൽ ഓഫീസ്, തിരുവനന്തപുരം.
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
13. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും/ സെക്ഷൻ സൂപ്രണ്ടുമാർക്കും.
14. എഡിറ്റർ, സഹകരണ വീഥി 15.സ്റ്റോക്ക് ഫയൽ 16. സ്പെയർ

//ആജ്ഞാനുസരണം.//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.ബി സെക്ഷൻ).

എൻ.പി/